പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>വൃക്ഷതൈകളുടെ സംരക്ഷണം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2959

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പരിസ്ഥിതി സംരക്ഷണത്തിന്റെയും സാമൂഹ്യ വനവൽക്കരണ പരിപാടിയുടേയും ഭാഗമായി പൊതു സ്ഥലങ്ങളിൽ ഈ വർഷം നട്ടു പിടിപ്പിച്ച വൃക്ഷതൈകളുടെ നമ്പരിട്ട ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, ഇവ സംരക്ഷിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാമോ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൽ പരിസ്ഥിതി സംരക്ഷണത്തിന്റെയും സാമൂഹ്യ വനവത്കരണത്തിന്റെയും ഭാഗമായി വനസംരക്ഷണ പ്രവൃത്തികളും, മരം വച്ച് പിടിപ്പിക്കലും അനുവദനീയമാണ്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പ്രവൃത്തികൾ, ഭരണ സാങ്കേതികാനുമതികൾ നൽകി, പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് തടസ്സമില്ല. ഇപ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വൃക്ഷതൈകൾ വേലികെട്ടി സംരക്ഷിക്കുക, വേനലിൽ നനക്കുക എന്നീപ്രവൃത്തികൾക്ക് വനം/കൃഷി വകുപ്പുകൾ അംഗീകരിച്ച ഡാറ്റ എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കുവാൻ ഇതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനും നിർദ്ദേശിക്കാമോ? | (ബി) | നിലവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ